ജലനയം

118 (1846) ശ്രീ. കെ. ബാബു :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. എം. മുരളി :
ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ പ്രഖ്യാപിച്ച ജലനയത്തിൽ നാലുവർഷത്തിനുള്ളിൽ കുടിവെള്ള മേഖലയിൽ എന്തൊക്കെ പദ്ധതികൾ പൂർത്തിയാക്കുമെന്നാണ് വിഭാവന ചെയ്തിരുന്നത് എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ കാലയളവിനുള്ളിൽ ഇത്തരം പ്രഖ്യാപനങ്ങളെല്ലാം പ്രാവർത്തികമാക്കാനായിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഇനിയും ഇത്തരത്തിലുള്ള ഏതൊക്കെ പദ്ധതികളാണ് പൂർത്തീകരിക്കാനുള്ളത് എന്നറിയിക്കുമോ ;

(ഡി) ഈ കാലയളവിൽ എത്ര ദശലക്ഷം പേർക്ക് പ്രയോജനം ലഭിക്കുന്ന കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കുമെന്നാണ് പ്രഖ്യാപിച്ചിരുന്നത് ;

(ഇ) ഈ ലക്ഷ്യം കൈവരിക്കാനായോ, ഇല്ലെങ്കിൽ കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഗാർഹിക ആവശ്യത്തിനുള്ള ശുദ്ധജലത്തിന് മുൻഗണന നൽകുമെന്നും പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് കർമ്മ പദ്ധതികൾ രൂപീകരിക്കുമെന്നും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമെന്നും ജലനയത്തിൽ പരാമർശിക്കപ്പെടുന്നു. പദ്ധതി നിർവ്വഹണത്തിലും പരിരക്ഷയിലും ജലശുദ്ധീകരണത്തിനും മെച്ചപ്പെട്ട സാങ്കേതികവിദ്യയുടേയും വിവര സാങ്കേതികവിദ്യയുടേയും സാദ്ധ്യതകൾ ഉപയോഗപ്പെടുത്തുവാൻ ജലനയത്തിൽ ഊന്നൽ നൽകിയിട്ടുണ്ട്. കൂടാതെ ജലാശയങ്ങളുടെയും ജലസ്രോതസ്സുകളുടേയും ഫലപ്രദമായ പരിരക്ഷയും പരിപാലനവും നടപ്പിലാക്കുന്നതിനായി ഭൂജല പരിപോഷണം വ്യാപിപ്പിക്കുന്നതിന് മഴവെള്ള സംഭരണം സാർവ്വത്രികമാക്കുന്നതിനും ജലനയത്തിൽ ഊന്നൽ നൽകിയിട്ടുണ്ട്.

(ബി) ജലനയത്തിന് അനുസൃതമായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. ജലാശയങ്ങളുടേയും ജലസ്രോതസ്സുകളുടേയും സംരക്ഷണവും പരിപോഷണവും ഉറപ്പാക്കുന്നതിനായി എല്ലാക്കാലത്തേയ്ക്കുമായി ആസൂത്രണം ചെയ്ത് ജനപങ്കാളിത്തത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായ സഹകരണത്തോടെ നടപ്പിലാക്കിവരുന്ന 'ജലസുരക്ഷ പദ്ധതി' ഇത്തരത്തിലുള്ള ഒരു പ്രധാന ചുവട് വയ്പ്പാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ജലനയത്തിന് അനുസൃതമായി ജല അതോറിറ്റിമുഖേന വിവിധ ശുദ്ധജല വിതരണ പദ്ധതികൾ ഇനിയും പൂർത്തിയാക്കാനുണ്ട്. എല്ലാ ജനങ്ങൾക്കും ശുദ്ധജലം എത്തിക്കുക. എന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്തിട്ടുള്ള പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) 2008-09 വർഷം ഏകദേശം 2 ദശലക്ഷം പേർക്കും 2009-10-ൽ 1.50 ദശലക്ഷം പേർക്കും 2010-11-ൽ 2.40 ദശലക്ഷം പേർക്കും പ്രയോജനം ലഭിക്കുന്ന കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിരുന്നത്.

(ഇ) 69 വൻകിട പദ്ധതികളും 300 ചെറുകിട പദ്ധതികളും പൂർത്തീകരിക്കുവാനും അതുവഴി 29.53 ലക്ഷം പേർക്ക് കുടിവെള്ളം ലഭ്യമാക്കുവാനും കഴിഞ്ഞിട്ടുണ്ട്. കൂടാതെ 2011 മാർച്ച് മാസംകൊണ്ട് 36 പദ്ധതികൾകൂടി പൂർത്തിയാക്കി, 29.52 ലക്ഷംപേർക്കുകൂടി കുടിവെള്ളം ലഭ്യമാക്കുവാൻ കഴിയും. വിഭാവനം ചെയ്ത മുഴുവൻ കുടിവെള്ള പദ്ധതികളും സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നേരിട്ടുള്ള പ്രധാന തടസ്സങ്ങൾ പദ്ധതി ഘടകങ്ങൾക്ക് ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിനുള്ള കാലതാമസങ്ങൾ, റെയിൽവേ ക്രോസിംഗ്, റോഡ് കട്ടിംഗ് എന്നിവയ്ക്ക് അനുമതി ലഭിക്കുന്നതിനുള്ള കാലതാമസം, അപ്രതീക്ഷിതമായി ഉണ്ടാകുന്ന കാലവർഷം, എസ്റ്റിമേറ്റ് തുകയേക്കാൾ വളരെ ഉയർന്ന തുക ക്വാട്ട് ചെയ്യുമ്പോൾ ഉണ്ടാകുന്ന സാങ്കേതിക തടസ്സങ്ങൾ എന്നിവയാണ്.

സാർക്ക് പദ്ധതി

119 (1847) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജലസേചന മേഖലയിൽ ഈ സർക്കാർ സാർക്ക് പദ്ധതിയിൻകീഴിൽ എന്തൊക്കെ പ്രോജക്ടുകളാണ് നടപ്പാക്കി വരുന്നത് എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ പദ്ധതികളുടെ നടത്തിപ്പിനായി ആകെ എത്ര കോടി രൂപയുടെ പ്രോജക്ടുകളാണ് അംഗീകരിച്ചിട്ടുള്ളത് ;

(സി) ഈ പദ്ധതികൾ എന്നത്തേക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരുന്നത് എന്നറിയിക്കുമോ ;

(ഡി) ഈ പദ്ധതികൾ ഓരോന്നും പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാക്കുന്നതിന് ഇനിയും എന്തൊക്കെ പണികൾ പൂർത്തിയാക്കാനുണ്ട് എന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly